അഴീക്കലിലെ ഐസ് ഫാക്ടറിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

20 (1035) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ അഴീക്കലിൽ പ്രവർത്തിക്കുന്ന ഐസ് ഫാക്ടറിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഐസ് ഫാക്ടറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ മത്സ്യഫെഡ് വല്ല പദ്ധതിയ്ക്കും രൂപം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ സ്ഥാപനം മെച്ചപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) എല്ലാ സീസണിലും പ്ലാന്റ് ഫലപ്രദമായി പ്രവർത്തിപ്പിക്കാനാവശ്യമായ മത്സ്യം ഈ പ്രദേശത്ത് ലഭിക്കാറില്ല. അതിനാൽ ഫാക്ടറിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പ്രത്യേകം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല.

(ഡി) തത്ക്കാലം ആലോചനയിൽ ഇല്ല.

സമുദ്ര മത്സ്യ ഗവേഷണത്തിന് കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം

21 (1036) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമുദ്ര മത്സ്യ ഗവേഷണത്തിനുവേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാറുണ്ടോ;

(ബി) എങ്കിൽ 2001-02, 2002-03, 2003-04 വർഷങ്ങളിൽ എത്ര തുക ലഭിച്ചു. ഇതിൽ ഓരോ വർഷവും ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക ചെലവാക്കി എന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ സമുദ്ര മത്സ്യ ഗവേഷണത്തിന് വേണ്ടി ഉൾപ്പെടുത്തിയ തുക എത്ര; ഇതിൽ ഓരോ വർഷവും എത്ര തുക ചെലവാക്കി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിക്കാറില്ല.

(ബി) ബാധകമല്ല.

(സി) ഈ വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ സമുദ്ര മത്സ്യ ഗവേഷണത്തിനുവേണ്ടി തുക ഉൾക്കൊള്ളിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly